بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 21.08.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

28.08.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

## എന്തൊന്ന് നമ്മൾ കേൾക്കുകയും കാണുകയും ചെയ്തുവോ അത് നമ്മുടെ ജീവിതത്തെ നന്നാക്കുന്നതിനുള്ള മാർഗമാക്കിത്തീർക്കാൻ ശ്രമിക്കുമ്പോഴാണ് യഥാർത്ഥമായ ഫലവും അനുഗ്രഹവും നമുക്കെത്തുന്നത്.

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് പറഞ്ഞു:

ഈയിടെയായി എനിക്കു ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്ന് കത്തുകളും ഫാക്സുകളും വന്നുകൊണ്ടിരിക്കുന്നു. ബ്രിട്ടൻ ജൽസാസാലാന വിജയകരമായി സമാപിച്ചതിൽ ആശംസകൾ നേർന്നുകൊണ്ടുള്ളതും അവയിലുണ്ട്. എം.ടി.എ മുഖേന നേരിട്ട് ജൽസ കാണുകയും ഫലമെടുക്കുകയും ചെയ്തു എന്നറിയിച്ചുകൊണ്ടുള്ള അഹ്മദികളുടെ പ്രകടനവുമുണ്ട്. എന്തൊന്ന് നമ്മൾ കേൾക്കുകയും കാണുകയും ചെയ്തുവോ അത് നമ്മുടെ ജീവിതത്തെ നന്നാക്കുന്നതിനുള്ള മാർഗമാക്കിത്തീർക്കാൻ ശ്രമിക്കുമ്പോഴാണ് യഥാർത്ഥമായ ഫലവും അനുഗ്രഹവും നമുക്കെത്തുന്നത്. നമ്മുടെമേൽ ലോകത്തിന്റെ ധാരാളം ദൃഷ്ടികൾ പതിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ലോകം നമ്മുടെ ജൽസകളിൽ എം.ടി.എ മുഖേന പങ്കെടുക്കുന്നു. ബ്രിട്ടൻ ജൽസാസാലാനയെ അഹ്മദീ ലോകവും മറ്റു ലോകവും പ്രത്യേകമായ നിലയിൽ വളരെ അഗാധമായ ദൃഷ്ടിയാലാണ് നോക്കിക്കാണുന്നത്. നമ്മൾ ലക്ഷക്കണക്കിന് പൗണ്ടുകളാണ് (മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ)MTA യ്ക്കുവേണ്ടി ചെലവഴിക്കുന്നത്. ജമാഅത്തംഗങ്ങൾ തങ്ങളുടെ ജീവിതോദ്ദേശ്യം പ്രാപിക്കുന്നവരാകുകയും ഒരേസമയം എല്ലാവർക്കും സന്ദേശമെത്തുകയും ചെയ്യുക എന്നത് മാത്രമാണ് ഇതിന്റെ വലിയൊരു ഉദ്ദേശ്യം.

അതുകൊണ്ട് നമ്മുടെ സന്തോഷവും ആശംസകൾ നേരലും ജൽസ വിജയകരമായി സംഘടിപ്പിച്ചതിൽമാത്രം പരിമിതമാകാതെ ഇവിടെ പങ്കെടുക്കുന്നവരും എം.ടി.എ. മുഖേന കേൾക്കുന്നവരും, അവർ കേട്ടതും കണ്ടതും അയവിറക്കിക്കൊണ്ടിരിക്കേണ്ടതുമാണ്. അതിനെ ജീവിതത്തിന്റെ ഭാഗമാക്കുകയും അല്ലാഹുവിന് നന്ദിപറയുകയും വേണം. കാരണം അവൻ ഈ ആധുനിക കാലഘട്ടത്തിൽ നമ്മുടെ പരിഷ്ക്കരണത്തിന്, നമ്മുടെ വൈജ്ഞാനികവും കർമപരവും ആദർശപരവുമായ അഭിവൃദ്ധിക്ക്, ഉന്നതിക്ക് ഒരു ഭൗതിക കണ്ടുപിടിത്തത്തെ നമുക്ക് മാർഗമാക്കിത്തന്നിരിക്കുന്നു. ടെലിവിഷൻ, ഇന്റർനെറ്റ്, പത്രങ്ങൾ മറ്റു പ്രചാരണമാധ്യമങ്ങൾ നമുക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സത്യവിശ്വാസിയുടെ വിശ്വാസത്തിൽ വർധന ഉണ്ടാകുന്നു. അവസാന കാലഘട്ടത്തിൽ ദീനിന്റെ പ്രചാരണത്തിന് സഹായകമാകുന്ന കണ്ടുപിടിത്തങ്ങൾ ഉണ്ടാകുമെന്ന് ഇന്നേക്ക് 1400 വർഷം മുമ്പേ അല്ലാഹു സുവാർത്ത അറിയിച്ചിട്ടുള്ളതാണ്. നമ്മൾ എല്ലാ ദിവസവും ഈ പ്രവചനം ഏറ്റവും നല്ല നിലയിൽ പുലർന്നുകൊണ്ടിരിക്കുന്നത് കാണുന്നു. എങ്ങനെയാണ് അല്ലാഹു ഈ സന്ദേശം എത്തിക്കുന്നതെന്ന് ഞാൻ പിന്നീട് പറയുന്നതാണ്. ഇക്കാര്യം നമ്മളെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടുകൊണ്ട് വർധിച്ച നിലയിൽ നന്ദി പ്രകടനത്തിന് പ്രേരിപ്പിച്ചുകൊണ്ടുപോകേണ്ടതാണ്. അങ്ങനെ നന്ദി കാണിച്ചാൽ കൂടുതൽ പാരിതോഷികങ്ങളും അഭിവൃദ്ധികളും നല്കി അനുഗ്രഹിക്കുന്നതായിരിക്കുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനം ചെയ്യുന്നു. അല്ലാഹു പറയുന്നു: **ലയിൻ ശക്റത്തും ല അസീദന്നക്കും** നിങ്ങൾ നന്ദി കാണിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഇനിയും കൂടുതൽ നല്കുന്നതാണ്. കൂടുതൽ വർധിപ്പിച്ചുതരുന്നതാണ്. ഈ നന്ദിയുടെ വിഷയം നമ്മെ അല്ലാഹുവിന് നന്ദി കാണിക്കുന്നതിന്റെ വഴി കാണിക്കുന്നതോടൊപ്പം മനുഷ്യരോട് നന്ദി കാണിക്കാനും പറയുന്നു. ‘മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നവനല്ലെന്ന്’നബി (സ)തിരുമേനി പറഞ്ഞു. അല്ലാഹു ഈ ജോലിയെടുക്കുന്നവർക്ക് തൗഫീഖ് നല്കിയതുകൊണ്ട് അവർ ജൽസയുടെ ഏർപ്പാടുകൾക്ക് നല്ലരൂപം നല്കാൻ ശ്രമിച്ചു. ഒരുപാട് വകുപ്പുകളുണ്ട്. അവയിൽ പുരുഷന്മാരും സ്ത്രീകളും വൃദ്ധരും യുവാക്കളും ആൺകുട്ടികളും പെൺകുട്ടികളും സേവനം ചെയ്തു. ജൽസയുടെ എല്ലാ ഒരുക്കങ്ങളും തങ്ങളുടെ ശക്തികളും കഴിവുകളുമനുസരിച്ച് നല്ല നിലയിൽ ചെയ്യുന്നതിനുവേണ്ടി പൂർണമായും പരിശ്രമിച്ചു. വിവിധ വകുപ്പുകളിലുള്ള എല്ലാ വളന്റിയർമാരും, ചിലർ ചില കമ്പനികളിൽ ഡയറക്ടർമാരാണ്, ചിലർ എഞ്ചിനിയർമാരാണ്, ചിലർ ശാസ്ത്രമേഖലയിൽ ഉദ്യോഗസ്ഥരാണ്, ചിലർ കൂലിവേലക്കാരാണ്. ഇവരെല്ലാവരും ഒരേ ജോലിയാണ് ചെയ്യുന്നത്. പിന്നീട് വൈന്റപ്പ് ജോലിയുണ്ട്. ജൽസയ്ക്കുശേഷം മഴ തുടങ്ങി. സാധനങ്ങൾ കെട്ടി ഒതുക്കിവെക്കാൻ തുടങ്ങിയിട്ട് ദീർഘസമയമായി. ചുരുക്കം പറഞ്ഞാൽ എല്ലാ ജോലികളും വളരെ പ്രധാനമായിട്ടുള്ളതാണ്. ഈ വർഷം കാനഡായിലെ ഖാദിംകളുടെ ഒരു ടീമും തങ്ങളെ സമർപ്പിച്ചുകൊണ്ട് ജൽസയിൽ സേവനം ചെയ്യാനാഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. കഠിനാധ്വാനത്തോടെ അവർ ജോലി ചെയ്തു. യു.കെ.യിലെ ഖുദ്ദാമുൽ അഹ്മദിയ്യ ടീമിന് നന്ദി പറയുന്നതിനോടൊപ്പം കാനഡയിലെ ഖുദ്ദാമിന്റെ ഈ ടീമിനും, അവർ നമ്മെ സഹായിച്ചതിന് നമ്മൾ നന്ദി പറയേണ്ടതാണ്.

എന്തായാലും ഇവരെല്ലാവരോടും, അവർ പുരുഷന്മാരാകട്ടെ സ്ത്രീകളാകട്ടെ നമ്മൾ നന്ദിയുള്ളവരാണ്. ഇവർ നന്ദിക്കർഹരുമാണ്. അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. പ്രവർത്തകർക്കുവേണ്ടി, നമ്മെ സഹായിച്ച എല്ലാ അതിഥികളോടും ഞാൻ നന്ദിരേഖപ്പെടുത്തുകയാണ്. പൊതുവെ ഒന്നുരണ്ടു പരാതികളല്ലാതെ ഒന്നും വന്നിട്ടില്ല. ഒന്നും ഒറ്റയും പരാതികൾ വരാറുള്ളതാണ്.

ഈ സമയത്തു ഞാൻ ഈ നന്ദിയുടെ വിഷയവുമായി ബന്ധപ്പെട്ട് അതിഥികളുടെ പ്രതികരണങ്ങൾ വിവരിക്കുന്നതാണ്.

യുഗാണ്ട(Uganda)യിൽനിന്ന് മിനിസ്റ്റർ ഓഫ് ജന്റർ മിസ്റ്റർ വിൽസൺ സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: ‘അതിഥിസൽക്കാരവും സെക്യൂരിറ്റിയുടെ വ്യവസ്ഥകളും ഏർപ്പാടുകളും കണ്ടിട്ട്, എങ്ങനെയാണ് ആളുകൾ സന്ന

ദ്ധസേവനമെന്ന നിലയിൽ ഇത്രമാത്രം ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെന്നോർത്ത് അത്ഭുതം തോന്നിപ്പോയി.' അദ്ദേഹം പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തച്ചുകൊണ്ടിരിക്കുന്ന രീതിയിൽനിന്ന് തോന്നുന്നത്, ജമാഅത്ത് അടുത്ത കുറച്ചുവർഷത്തിനുള്ളിൽ ലോകത്തും വിജയം വരിക്കുമെന്നാണ്.' ഇൻശാ അല്ലാഹ്! പിന്നീട് അദ്ദേഹം പറഞ്ഞു: 'ജൽസാ സാലാനയെക്കുറിച്ച് ഞാൻ ഹ്രസ്വമായി പറഞ്ഞാൽ ഏറ്റവും വലിയ കാര്യം അഹ്മദിയ്യാ ജമഅത്ത് മനുഷ്യകുലത്തിന് സമാധാനത്തിനും സ്നേഹത്തിനും സാഹോദര്യത്തിനുമുള്ള ഒരു മഹത്തായ മാതൃകയാണ്.'

ഫ്രഞ്ച് ഗയാന(French Guyana)യിൽനിന്നുള്ള ഒരതിഥി ജെക് ബർഥോൽ സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ഫ്രഞ്ച് ഗയാന കോടതിയുടെ ജഡ്ജിയാണ്. രാജ്യത്തെ ബിഷപ്പിന്റെ പ്രതിനിധി എന്ന നിലയിലാണ് പങ്കെടുത്തത്. അദ്ദേഹം പറയുന്നു: 'ഞാൻ ജൽസസാലാനയിൽ പങ്കെടുക്കുന്നതിനുവേണ്ടി ഫ്രഞ്ചുഗയാനയിൽനിന്നു പുറപ്പെട്ടപ്പോൾ എന്റെ കാലിൽ വേദനയുണ്ടായിരുന്നു. പക്ഷേ, ജൽസയിൽ പങ്കെടുത്ത ഉടനെതന്നെ അല്ലാഹു അമാനുഷികമായ നിലയിൽ രോഗശമനം നല്കി. ജൽസയുടെ ഇടയ്ക്കൊരിക്കലും വേദനയുടെ പേരോ അടയാളമോ ഉണ്ടായിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹമാണിത്.' ജൽസയുടെ അനുഗ്രഹങ്ങൾ അഹ്മദികൾക്കുണ്ടാകുന്നതോടൊപ്പം, അതിൽനിന്ന് മറ്റുള്ളവരും ഫലമെടുക്കുന്നു.

നൈജീരിയാ(Nigeria)യിലെ ഒരു പ്രശസ്ത ടെലിവിഷൻ ചാനലായ MITയുടെ ചെയർമാൻ അൽഹാജ് ബസാരീ സാഹിബ് പറയുന്നു: 'ജൽസാസാലാനയിൽ പങ്കെടുത്തപ്പോൾ അർഫാ മൈതാനത്താണെന്ന് എനിക്കുതോന്നി. ഇമാമിനെ അനുസരിക്കുന്ന ദൃശ്യം ഞാൻ അഹ്മദിയ്യ ജമാഅത്തിന്റെ ഖലീഫയിലും അദ്ദേഹത്തിന്റെ ജമാഅത്തിലും കണ്ടത് മറ്റെങ്ങും കണ്ടിട്ടില്ല.'

കോംഗോ(Congo) കിൻഷാസയിൽനിന്നുള്ള കോൺസ്റ്റിട്യൂഷണൽ കോർട്ടിന്റെ ജഡ്ജ് പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്ത് ഏതൊരു ഇസ്ലാമിനെയാണോ എനിക്കു പരിചയപ്പെടുത്തിത്തന്നത് അതിന്റെ കർമപരമായ മാതൃക ഞാൻ ജൽസയിൽ പങ്കെടുത്ത് കണ്ടിരിക്കുന്നു. വാസ്തവത്തിൽ യഥാർത്ഥ ഇസ്ലാം അഹ്മദിയ്യാ ജമാഅത്ത് സമർപ്പിക്കുന്നതാണ്. ഇസ്ലാമിന്റെ ഈ സന്ദേശമാണ് ഇന്ന് ലോകത്തിന് ആവശ്യം. ലോകത്തിന്റെ ഭാവി ഈ സന്ദേശവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു.'

സിയറ ലിയോൺ(Sierra Leone) ലെ വൈസ് പ്രസിഡണ്ടും ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാസാലാന വളരെ മഹത്തായതാണ്. എല്ലാ ജനവിഭാഗങ്ങളേയും ഒരു പ്ലാറ്റുഫോർമിൽ സംഘടിപ്പിക്കുന്നതിനുള്ള ഏകമാർഗമാണ്.'

സിയറ ലിയോൺ(Sierra Leone)ലെ മേയർ പറയുന്നു: 'മൂന്നു ദിവസം ആത്മീയനിർഭരമായിരുന്നു. ഇത് എന്റെ ജീവിതത്തിൽ മഹത്തായ വിപ്ലവം ഉണ്ടാക്കുന്നതിന് കാരണമായി. ഇങ്ങനെ പരസ്പരം സ്നേഹിക്കുന്ന ആളുകളെ ഞാനൊരിക്കലും കണ്ടിട്ടില്ല.'

സിയറ ലിയോൺ(Sierra Leone)ലെ ഡപ്യൂട്ടി മിനിസ്റ്റർ ഓഫ് സ്പോർട്സ് വന്നിരുന്നു. അദ്ദേഹം പറയുന്നു: 'ജൽസാ സാലാനയിലെ എന്റെ പങ്കാളിത്തം അപൂർവമായ അനുഭവമായിരുന്നു. ഞാൻ ഇന്നുവരെ മതപരമായതും രാഷ്ട്രീയപരമായതുമായ ഒരു സമ്മേളനത്തിലും അതിഥികളെ ഇത്രമാത്രം ആദരിക്കുന്നതും സ്നേഹിക്കുന്നതും കണ്ടിട്ടില്ല.'

ബെനിൻ (Benin)നിലെ നാഷണൽ അസംബ്ലിയുടെ ഡപ്യൂട്ടി സ്പീക്കർ ഏറിക് ഹിന്ദേ സാഹിബ് പറയുന്നു: 'ഞാൻ കണ്ടതിൽ ഏറ്റവും വലിയ കാര്യം അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ തങ്ങളുടെ ഖലീഫയെ ഒരുപാട് സ്നേഹിക്കുന്നുവെന്നതാണ്. ഇത് മറ്റെവിടെയും കാണാൻ കിട്ടുകയില്ല.'

അർജന്റീന(Argentina)യിൽനിന്ന് ഒരു അഹ്മദി വന്നിരുന്നു. അദ്ദേഹം പറയുന്നു: 'ഞാൻ സത്യമതം അന്വേഷിച്ച് 10 വർഷം കഴിച്ചുകൂട്ടി. അവസാനം അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച് എനിക്ക് സത്യമതം കിട്ടി. ജൽസ സാലാനയുടെ ഓർഗനൈസേഷൻ എന്നെ ഹഠാദാകർഷിച്ചു. ഏറ്റവും അധികം എന്നെ ആകർഷിച്ചത് ജൽസയിലെ യുവതലമുറയുടെ സാന്നിധ്യമായിരുന്നു. എനിക്ക് ഇതിനെക്കാൾ വലിയ സന്തോഷമില്ല. അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടിയ ആദ്യത്തെ അർജന്റീനിയൻ മുസ്ലിമാണ് ഞാൻ.'

ജപ്പാൻ(Japan)നിൽനിന്ന് വന്ന ഒരു അതിഥിയായിരുന്നു യൂശിയോ അവാമോറോ സാഹിബ്. അദ്ദേഹം പറയുന്നു: 'ബ്രിട്ടൻ ജൽസാസാലാന ഐക്യരാഷ്ട്രസഭയുടെ യഥാർത്ഥമായ മാതൃക സമർപ്പിക്കുകയായിരുന്നു. അവിടെ എല്ലാ വർണത്തിലേയും വംശത്തിലേയും ജനതകളിലേയും അംഗങ്ങളെ ഒരു കുടുംബംപോലെ കാണാൻ കഴിഞ്ഞു. ഈ ആത്മീയാന്തരീക്ഷം എന്റെ മനസ്സിൽ ഒരു പ്രത്യേക സ്വാധീനമുണ്ടാക്കി.'

ജപ്പാൻ(Japan)നിൽനിന്ന് ഡോക്ടർ ജയ്വാനീമോണ്ടേയും പങ്കെടുത്തിരുന്നു. ഇദ്ദേഹം മെഡിക്കൽ സയൻസിൽ പി.എച്ച്.ഡിയാണ്. ടോക്കിയോ ഇന്റർനാഷണൽ ബുക്ഫെയർ നടക്കുമ്പോൾ, അദ്ദേഹത്തിന് ജമാഅത്തുമായി ബന്ധമുണ്ടായി. ബുക്ഫെയറിന്റെ ആദ്യത്തെ ദിവസം അദ്ദേഹത്തിന് ഇസ്ലാംമത തത്ത്വജ്ഞാനം എന്ന ഗ്രന്ഥം കൊടുത്തപ്പോൾ, പിറ്റേ ദിവസം വീണ്ടും നമ്മുടെ അടുത്തുവന്നു. (ഈ എഴുതുന്നയാൾ എഴുതുന്നു നമ്മുടെ മിഷണറി) പറഞ്ഞു: 'രാത്രിയിൽ ഇസ്ലാംമത തത്ത്വജ്ഞാനം വായിക്കാൻ തുടങ്ങി. ആ ഗ്രന്ഥം വായിച്ചുതീർക്കാതെ ഉറങ്ങുക എന്നത് എനിക്കു പ്രയാസമായി. നേരം വെളുക്കുന്നതിനുമുമ്പേ ആ ഗ്രന്ഥം വായിച്ചുതീർത്തപ്പോൾ ഇസ്ലാം ഒരു സത്യമതമാണെന്നും സത്യത്തിന്റെ വഴിയാണെന്നും എനിക്കു ദൃഢവിശ്വാസമായി.' അദ്ദേഹം ജൽസ കണ്ടിട്ടു പറഞ്ഞു: 'ഞാൻ സത്യമന്വേഷിച്ചു നടക്കുകയായിരുന്നു. എനിക്കു സത്യം കിട്ടിയിരിക്കുന്നു. ഇസ്ലാം-അഹ്മദിയ്യത്തിനെക്കാൾ നല്ല ഒരു ജീവിതരീതിയുമില്ല.' അങ്ങനെ അദ്ദേഹം ജൽസ കഴിഞ്ഞയുടനെ അടുത്തദിവസം എന്റെയടുത്തുവന്നു. പിന്നീട് മസ്ജിദിൽ അദ്ദേഹത്തിന്റെ ബയ്അത്ത് നടന്നു.

സ്പെയിൻ(Spain)നിൽനിന്ന് നാഷണൽ അസംബ്ലിയിലെ രണ്ടു പാർലമെന്റംഗങ്ങൾ വന്നിരുന്നു. ജോസ് മാരിയ സാഹിബ് പറയുന്നു: 'ഈ മൂന്നു ദിവസവും ജൽസാ പരിപാടികളിൽ ഞാൻ പങ്കെടുത്തുകൊണ്ടിരുന്നു.' ഇവിടെ സന്നദ്ധസേവകർ ചെയ്യുന്ന ജോലികൾ നമ്മുടെ ഭരണകൂടത്തിന് ചെയ്യാൻ കഴിയുകയില്ലെന്ന് പല പ്രാവശ്യവും അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'ഞാൻ ഈ ജൽസയിൽനിന്ന് ഒരുപാട് പഠിച്ചുകൊണ്ടാണ് പോകുന്നത്.'

അതുകൊണ്ട് ഈ സന്നദ്ധസേവകർ ചെയ്തുകൊണ്ടിരിക്കുന്ന ജോലിയും ഒരു നിശബ്ദ തബ്ലീഗാണ്.

പിന്നീട് പാർലമെന്റിലെ വനിത അംഗം പറയുന്നു: 'അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഠിനാധ്വാനമാണ് ചെയ്തുകൊണ്ടിരിക്കുന്നത്.' പറയുന്നു: 'നിങ്ങൾ ഞങ്ങളുടെ നാട്ടിൽ വരുമ്പോൾ അതിനെ സ്വന്തം വീടായി മനസ്സിലാക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇത് നിങ്ങളുടെ ഖലീഫയോടു ഞങ്ങൾ പറയാനാഗ്രഹിക്കുന്നു.'

ഫ്രാൻസ്(France)ലെ അമീർ സാഹിബ് പറയുന്നു: ഇവിടെ ഒരേ കുടുംബത്തിലെ 35 അംഗങ്ങൾ ജലസയിൽ പങ്കെടുത്തിരുന്നു. അവരിൽ 28 പേർ അഹ്മദിയ്യത്ത് സ്വീകരിച്ചുകഴിഞ്ഞിരു

ന്നു. എന്നാൽ, അദ്ദേഹത്തിന്റെ പിതാവും മാതാവും അവരുടെ ഒരു മകളും അവരുടെ മൂന്നു കുട്ടികളും ഇപ്പോൾ അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നില്ല. ജൽസയുടെ രണ്ടാം ദിവസം അദ്ദേഹം പറഞ്ഞു. ഇന്ന് ഞാൻ അഞ്ചുപ്രാവശ്യം നബി(സ)തിരുമേനിയെ കണ്ടു. അങ്ങനെ അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയും ഞായറാഴ്ച നടന്ന ആഗോള ബയ്അത്തിൽ പങ്കെടുത്തു. ബയ്അത്തു ചെയ്ത് ജമാഅത്തിൽ ചേർന്നു. ഇദ്ദേഹം പറയുന്നു: 'ബയ്അത്ത് നടക്കുമ്പോൾ അദ്ദേഹത്തിന്റെ കുടുംബം മുഴുവൻ അവിടെ ഉണ്ടായിരുന്നു. അവർ കുട്ടികളെപ്പോളെ തേങ്ങിത്തേങ്ങി കരയുകയായിരുന്നു.' യൂനാൻ (ഗ്രീസ്-Greece)നിൽനിന്ന് ആദ്യമായിട്ടാണ് ജൽസിൽ പങ്കെടുക്കാൻ ഒരു സംഘമെത്തിയത്.

അതുകൊണ്ട് ഇക്കാര്യങ്ങൾ ഓരോ അഹ്മദിയേയും നന്ദിയുള്ളവരാക്കുന്നതിനോടൊപ്പം, തങ്ങളിലുള്ള ചെറുതും വലുതുമായ ബലഹീനതകളെ അകറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും വേണ്ടതാണ്.

സിറ്റ്സർലൻഡി(Switzerland)ൽനിന്ന് പത്രങ്ങളും മാധ്യമങ്ങളുമായി ബന്ധംവെക്കുന്ന അതിഥി ബ്രാൻവേൽ സലീബ് ബേലി സാഹിബ് പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ജൽസാസാലാനയുടെ സമാപന ദിവസമാണ് പങ്കെടുത്തത്. ഞാൻ ലോകത്തിലെ വിവിധ പരിപാടികളിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നയാളാണ്. പക്ഷേ, ഈ രീതിയിലുള്ള പരിപാടി മുമ്പേ ഒരിക്കലും കണ്ടിട്ടില്ല.'

സിറ്റ്സർലൻഡ്(Switzerland)കാരനായ ഒരമുസ്‌ലിം മൈക്കിൾ ശീരൺബർഗ് ജലസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'എല്ലാത്തിനെക്കാളുമുപരി ആഗോളബയ്അത്തിന്റെ ദൃശ്യമായിരുന്നു. അതായത് എങ്ങനെയാണ് ആളുകൾ തങ്ങളുടെ വിശ്വാസാദർശങ്ങളും ഖലീഫയുമായിട്ടുള്ള ബന്ധവും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നതെന്ന്.'

ഒരു നവഅഹ്മദി സ്നേഹിതൻ ബാസ്റോ മായിക്രോനേഷ്യയിൽനിന്ന് വന്നിരുന്നു. അവിടെ 11 വർഷം മേയറും ആയിരുന്നു. അദ്ദേഹം പറയുന്നു: 'ഇതെല്ലാം കണ്ടതിനുശേഷം ഞാൻ എന്റെ കുടുംബത്തിലും കോസ്റയിലെ(കോസ്റായെ അദ്ദേഹത്തിന്റെ നഗരമാണ്) ജനങ്ങളിലും ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റായ ചിന്താഗതികൾ അവസാനിപ്പിക്കണമെന്ന ഉറച്ച തീരുമാനത്തോടുകൂടി പോകുകയാണ്.

ജമൈക്ക(Jamaica)ായിൽനിന്ന് ഒരു പത്രപ്രവർത്തക വന്നിരുന്നു. അവർ എന്റെ ഇന്റർവ്യൂവും എടുത്തു. അവർ പറഞ്ഞു: 'അവിടെ പോയിട്ട് ഞാൻ എഴുതും. ഇല്ലെങ്കിൽ ഡോക്യുമെന്ററി ഉണ്ടാക്കുന്നതാണ്. അങ്ങനെ ഇതുമുഖേന തബ്‌ലീഗിനുള്ള കൂടുതൽ വഴികൾ തുറക്കുന്നതാണ്.' അവർ പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ഈ അധ്യാപനങ്ങളെ ജമൈക്ക(Jamaica)ായിൽ പ്രചരിപ്പിക്കുന്നതിന് ഞാൻ അത്യധ്വാനം ചെയ്യുമെന്ന് വാഗ്ദാനം ചെയ്യുന്നു.' നോക്കുക! അവർ ക്രൈസ്തവമതവിശ്വാസിയാണ്. നമ്മുടെ തബ്‌ലീഗിന് നിമിത്തമായിത്തീരുന്നു.

പാനമ(Panama)യിൽനിന്ന് റോണാൾഡോ കോച്ചെ സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു. 'ഞാൻ ഇവിടെ എനിക്ക് സങ്കൽപിക്കാൻപോലും കഴിയാതിരുന്ന സ്നേഹത്തിന്റെയും സംപ്രീതിയുടെയും സമാധാനത്തിന്റെയും അന്തരീക്ഷമാണ് കണ്ടത്.' പറയുന്നു: 'ഇന്നേക്കുശേഷം ആരെങ്കിലും ഇസ്‌ലാമിനെക്കുറിച്ച് തെറ്റായ വീക്ഷണം പറഞ്ഞാൽ ഞാൻ അയാളെ പ്രതിരോധിക്കുന്നതാണ്.'

കസാഖ്സ്ഥാൻ(Kazakhstan)നിൽനിന്ന് വന്നതാണ് താന ശവാമ സാഹിബ. സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ്. ന്യൂയോർക്കിലെ അക്കാഡമി അംഗവുമാണ്. രണ്ടായിരത്തിൽ അവർ 'ലേഡി ഓഫ് വേൾഡ്' എന്ന നിലയിൽ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. അവർ പറയുന്നു: 'എന്റെ 75 വർഷത്തെ ജീവിതത്തിന്നിടയിൽ ലോകത്തിലെ ഒരുപാട് സ്ഥലങ്ങൾ ഞാൻ കണ്ടു കഴിഞ്ഞിരിക്കുന്നു. പക്ഷേ, മനുഷ്യരോടുള്ള സ്നേഹവും മനുഷ്യരെ യഥാർത്ഥ അർത്ഥത്തിൽ സഹായിക്കലും ഞാൻ ഇവിടെ മാത്രമാണ് കണ്ടത്.'

ഒരു വിദ്യാർത്ഥിനി ഗ്വാട്ടിമാല(Guatemala)യിൽനിന്ന് വന്നിരുന്നു. അവർ പറയുന്നു: 'ജൽസയിൽ പങ്കെടുത്തത് എന്നെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം സന്തോഷകരമായ അനുഭവമായിരുന്നു. ഈ ജൽസയുടെ ആത്മീയാന്തരീക്ഷം വരുംകാല ജീവിതം ധന്യമാക്കുന്നതിലേക്ക് എനിക്ക് മാർഗദർശനം നൽകുന്നതാണ്.

ക്രൊയേഷ്യ(Croatia)യിൽനിന്ന് 28 അംഗങ്ങൾ അടങ്ങിയ ഒരു സംഘം വന്നിരുന്നു. ക്രൊയേഷ്യൻ ദേശീയ അസംബ്ലിയുടെ പാർലമെന്റംഗവും ഉണ്ടായിരുന്നു. അതിൽപെട്ട പൗണ്ടെക്സ് സാഹിബ് പറയുന്നു: 'ഞാൻ ഏതെങ്കിലും മുസ്‌ലിം സംഘടനയുടെ സമ്മേളനത്തിൽ പങ്കെടുക്കുന്നത് ആദ്യമായിട്ടാണ്.' പിന്നീട് എന്റെ സമാപന പ്രഭാഷണവും അദ്ദേഹം കേട്ടു. പറയുന്നു: 'ഈ ഉപദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ലോകം സമാധാനത്തിന്റെ കളിത്തൊട്ടിലായി മാറും.' അദ്ദേഹം ഒരുപാട് ആകർഷിതനായിരുന്നു.

സിയറ ലിയോൺ (Sierra Leone) ണിലെ നാഷണൽ ടി.വി S L B Cയുടെ ജേർണലിസ്റ്റും പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'അങ്ങ് ജൽസയിൽ എന്നെ ക്ഷണിച്ചുകൊണ്ട് വലിയ ഔദാര്യമാണ് കാണിച്ചത്.' പറയുന്നു: 'ജൽസ നടക്കുന്നതിനിടയിൽത്തന്നെ അഹ്മദിയ്യാ ജമാഅത്തിൽ ചേരുമെന്ന് ഞാൻ ഉറച്ചതീരുമാനം എടുത്തിരുന്നു.' അദ്ദേഹം ആഗോളബയ്അത്തിന്റെ ദിവസം ബയ്അത്തും ചെയ്തു.

ബ്രിട്ടീഷ് റെയിൽ എയർഫോഴ്സിൽ ക്യാപ്റ്റനാണ് പാൽസേംഘർ ഡേവിസ്. അദ്ദേഹം പറയുന്നു: 'ഞാൻ ഇതുവരെ നൂറുക്കണക്കിന് ഇത്തരം പരിപാടികൾ കണ്ടിട്ടുണ്ട്. പക്ഷേ, ഇത്രമാത്രം ചിട്ടയോടുള്ള പരിപാടി ഇതുവരെ കണ്ടിട്ടില്ലെന്ന കാര്യം തീർച്ചയായും ഞാൻ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.'

ഐവറികോസ്റ്റിൽനിന്ന് രണ്ട് പാർലമെന്റംഗങ്ങൾ വന്നിരുന്നു. അവർ പറയുന്നു. കോ അക്കോക്കോ അക്കോവാതർ സാഹിബ് അവരിൽ ഒരാളാണ്. പറയുന്നു: 'എന്റെ ജീവിതത്തിലെ സുപ്രധാന നിമിഷങ്ങളാണിത്. ഞാൻ വർഷങ്ങളായിട്ട് അഹ്മദിയാണ്. എന്നാൽ, ഇത്തരം ആത്മീയാന്തരീക്ഷം ആദ്യമായിട്ടാണ് കാണുന്നത്. ഞാൻ ആദ്യമേതന്നെ അഹ്മദിയാണ്. എന്നാൽ, ജൽസാ സാലാനയിൽ പങ്കെടുത്ത് എന്റെ ഈമാൻ വീണ്ടും ശക്തമായിരിക്കുന്നു.'

ബ്രിട്ടീഷ് സൊസൈറ്റി ഓഫ് ടൂറിനിലെ ശ്രൗഡ് ന്യൂസ് ലെറ്ററിന്റെ എഡിറ്റർ ബാഫ്റെ സാഹിബ് പറയുന്നു: (ഇദ്ദേഹവും ടൂറിൻ ശ്രൗഡിന്റെ വിദഗ്ദ്ധരിൽപ്പെട്ടയാളാണ്.) 'ഞാൻ മസീഹിന്റെ തിരുശീലയെക്കുറിച്ച് സംസാരിച്ചിട്ടുള്ള വേദികളിൽവച്ച് ഏറ്റവും നല്ല വേദി ഇതായിരുന്നു.'

പ്രസ്സ് & മീഡിയായെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രസ്സ്& മീഡിയാ മുഖേന ജൽസ വിപുലമായ നിലയിൽ അറിയപ്പെട്ടു. അതിന് നമ്മൾ അല്ലാഹുവിന്റെ മുമ്പിൽ കുനിയേണ്ടതാണ്. അല്ലാഹു എങ്ങനെയാണ് സന്ദേശമെത്തിച്ചത്. ടെലിവിഷനുകളുടേയും ഓൺലൈൻ മീഡിയോകളുടേയും ഏഴ് ടി.വി പരിപാടികൾ മഖേന ജൽസയുടെ വാർത്തകളും വീഡിയോ ക്ലിപ്സുകളും മൊത്തം 3.5 മില്യൺ ആളുകൾവരെയെത്തി. റേഡിയോയിലെ 34 പരിപാടികൾ മുഖേന 2.79 മില്യൺ ആളുകൾക്ക് സന്ദേശമെത്തി. പ്രിന്റ്& ഓൺലൈൻ മീഡിയായുടെ 14 വിവിധ രീതികൾ മുഖേന 7.7 മില്യൺ ആളുകൾവരെ സന്ദേശമെത്തുകയുണ്ടായി. സോഷ്യൽ മീഡിയായിൽ

പങ്കെടുത്ത 1195 പേർ മുഖേന ജൽസയുടെ സന്ദേശം 5 മില്യൺ ആളുകൾക്കെത്തി. ഇപ്രകാരം മുകളിൽ പറഞ്ഞ മാർഗങ്ങളിലൂടെ മൊത്തം 12.63 മില്യൺ ആളുകൾവരെ ജൽസ നടപടികളും വാർത്തകളും സന്ദേശങ്ങളും ചിത്രങ്ങളും വീഡിയോ ക്ലിപ്സുകളും എത്തുകയുണ്ടായി.

ആഫ്രിക്കയ്ക്ക് പുറമെ ജൽസയുമായി ബന്ധപ്പെട്ട മാധ്യമങ്ങൾക്ക് കവറേജ് കിട്ടിയ ഇടങ്ങളിൽ ബ്രിട്ടൺ, സ്കോട്ട്ലാന്റ്, വെൽസ്, അയർലന്റ്, യുഎസ്എ, കാനഡ, പാക്കിസ്ഥാൻ, ഇന്ത്യ, ഫ്രാൻസ്, ജമൈക്ക, ഗ്രീസ് തുടങ്ങിയ രാജ്യങ്ങൾ പെടുന്നു. ഏറ്റവും സുപ്രധാന ചാനലുകളിൽ BBC NEWS 24 ഉം പെടുന്നു. ഇതിൽ ജൽസയുടെ വാർത്ത മൂന്നുപ്രാവശ്യം സംപ്രേഷണം ചെയ്തു. ഇതും ആദ്യമായിട്ടാണ്. തുടക്കം എന്ന നിലയിൽ ഈ ചാനലിൽ ഒരുപ്രാവശ്യം വാർത്ത സംപ്രേഷണം ചെയ്യാനുള്ള അനുവാദമാണ് നല്കപ്പെട്ടിരുന്നത്. പിന്നീട് കൂടുതൽ വാർത്തകൾ സംപ്രേഷണം ചെയ്യാൻ അനുവാദം നല്കപ്പെടുകയായിരുന്നു. ഫ്രാൻസ് ഇന്റർനാഷണൽ ന്യൂസ് ഏജൻസി AFP യും വീഡിയോറിപ്പോർട്ട് നല്കി. അത് പിന്നീട് U S A, U K യിലും ഇന്ത്യയിലും ഡസൻ കണക്കിന് വാർത്തകളുടെ വെബ്സൈറ്റുകളിൽ സംപ്രേഷണം ചെയ്യപ്പെട്ടു. ഇവയിൽ യാഹൂ ന്യൂസ്, NBS ന്യൂസ്, MSNന്യൂസ് തുടങ്ങിയവ ഉൾപ്പെടുന്നു.

34 റേഡിയോ ഇന്റർവ്യൂകൾ BBC യുടെ 3 നാഷണൽ റേഡിയോ നിലയങ്ങളും മറ്റു 24 റേഡിയോ നിലയങ്ങളും, 2 ലോക്കൽ നിലയങ്ങളും പ്രക്ഷേപണം ചെയ്തു. ഇവയിൽ BBC Radio 4 ഉം ഉൾപ്പെടുന്നു. അത് ബ്രിട്ടനിലെ ഏറ്റവുമധികം കേൾക്കപ്പെടുന്ന റേഡിയോ നിലയമാണ്. ഇതിൽ 20 മിനുട്ട് ദൈർഘ്യമുള്ള ഇന്റർവ്യൂ പ്രക്ഷേപണം ചെയ്യപ്പെട്ടു. ഇതിനുപുറമെ ബിബിസി സ്കോട്ട്ലാന്റ്, ബിബിസി റേഡിയോ ഏഷ്യൻ നെറ്റ്വർക്ക് എന്നിവയും ഉൾപ്പെടുന്നു. ബി.ബിസി റേഡിയോ സ്റ്റേഷൻ നെറ്റ്വർക്കിൽ ഒരു മണിക്കൂറിലധികം ദൈർഘ്യമുള്ള ഇന്റർവ്യൂ പ്രക്ഷേപണം ചെയ്യുകയുണ്ടായി. 33 റേഡിയോ നിലയങ്ങൾ മുഖേന മൊത്തം 2.79 മില്യൺ ആളുകൾക്ക് സന്ദേശമെത്തി. അവയിൽ 2 ഇന്റർവ്യൂകൾ ആരംഭിച്ചത് ബിബിസിയുടെ ഒരു ജേർണലിസ്റ്റായ കെയ്റോ ലൈൻ വൈറ്റിൽ ആയിരുന്നു. അദ്ദേഹമാണ് എന്നിൽനിന്ന് ഇന്റർവ്യൂ എടുത്തത്. അതദ്ദേഹം പ്രക്ഷേപണം ചെയ്തു. അതുകൊണ്ട് ഇവിടെത്തെ മുസ്ലിംകളുടെ ഭാഗത്തുനിന്ന് വലിയ ബഹളമുണ്ടായിട്ടുണ്ട്. തങ്ങൾ സംഘടിക്കുമെന്നും മുസ്ലിംകളുടെ പ്രതിനിധികളാണ് തങ്ങളെന്നുമൊക്കെ വിളിച്ചു പറയുന്നുണ്ട്.

ഹഫിങ്ങ്ടൺ പോസ്റ്റും രണ്ട് ആർട്ടിക്കിൾ പ്രക്ഷേപണം ചെയ്തു. ഇപ്രകാരംതന്നെ ധാരാളം സംഭവങ്ങളുണ്ട്. സോഷ്യൽമീഡിയ ടിറ്റർ തുടങ്ങിയവ മുഖേന ഈ റിപ്പോർട്ടുകൾ എത്തിക്കൊണ്ടിരുന്നു. അത് കേന്ദ്രറിപ്പോർട്ടുകളാണ്. ഇതിനുപുറമെ യു.കെ യിലെ പ്രസ്സ്&മീഡിയ മുഖേന ഞാൻ വിചാരിക്കുന്നത് രണ്ടുമൂന്ന് മില്യൺ ജനങ്ങൾവരെ തീർച്ചയായും സന്ദേശമെത്തിയിട്ടുണ്ടാകും എന്നാണ്.

ആഫ്രിക്കൻ രാജ്യങ്ങളിൽ റേഡിയോ നിലയങ്ങൾ ജൽസാസാലാന കവറേജ് ചെയ്തു.

മാലിയിൽ ജമാഅത്ത് 15 റേഡിയോ നിലയങ്ങൾ മുഖേന ജൽസാസാലാനയുടെ മൂന്ന് ദിവസത്തേയും പരിപാടികൾ ലൈവ് പ്രക്ഷേപണം ചെയ്തു. ഇപ്രകാരം അവിടെ പത്ത് മില്യൺ ആളുകൾ ജൽസസാലാന യുകെയുടെ ലൈവ് പരിപാടികൾ തങ്ങളുടെ ഭാഷകളിൽ കേട്ടു.

ബുർക്കിനാ ഫാസോ (Burkina Faso) യിൽ നാല് റേഡിയോ നിലയങ്ങളിൽ ജൽസാസാലാനയുടെ മൂന്ന് ദിവസത്തെ പരിപാടികൾ പൂർണമായും പ്രക്ഷേപണം ചെയ്യപ്പെട്ടു. ഇപ്രകാരം തന്നെയായിരുന്നു സിയറ ലിയോൺ (Sierra Leone)ണിലും. അങ്ങനെ മില്യൺ കണക്കിനാളുകൾവരെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്രാവശ്യം സന്ദേശമെത്തുകയുണ്ടായി. പ്രസ്സ്& മീഡിയ ടീമും വളരെ നന്നായി പ്രവർത്തിച്ചു. എം.ടി.എ യും അതിനുവേണ്ടി ഒരുപാട് പ്രവർത്തിക്കുകയുണ്ടായി. പ്രത്യേകിച്ചും ആഫ്രിക്കയിൽ ഇൻചാർജ്ജായി നിയമിക്കപ്പെട്ട വ്യക്തി വളരെ കഠിനാധ്വാനം ചെയ്യുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നല്കുമാറാകട്ടെ. ദൈവാനുഗ്രഹത്താൽ ഈ ജൽസ മുഖേന വളരെ വിപുലമായ നിലയിൽ ജമാഅത്ത് അറിയപ്പെട്ടു. അവയിൽ ഞാൻ പറയുകയുണ്ടായി. ഒരുപാട് പ്രവർത്തകർ ഉണ്ട്. എം.ടിഎയുടെയും പ്രസ്സ് സെക്ഷന്റെയും, പ്രസ്സ് സെക്ഷനിൽ പ്രവർത്തിക്കുന്നവരിൽ യുകെയിലെ ചെറുപ്പക്കാരുമുണ്ട്. അവർ തങ്ങളുടെ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു. അവരുടെ കഴിവുകൾ കൂടുതൽ വർദ്ധിപ്പിക്കുമാറാകട്ടെ.

ഖുത്ബയുടെ അവസാനം ഹുദൂർ മിർസാ റഫീഖ് അഹ്മദ് സാഹിബിന്റെ ഭാര്യ മൂന്നു ദിവസം മുമ്പേ വഫാത്തായ സയ്യിദ ഫരീദാ സാഹിബയെ അനുസ്മരിച്ചു. കുടുംബപരമായ കാര്യങ്ങളും വിശേഷഗുണങ്ങളും സേവനങ്ങളും ഹുദൂർ പറയുകയുണ്ടായി. പരേത ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ മരുമകൾ (മകന്റെ ഭാര്യ) ആയിരുന്നു. അല്ലാഹു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അവരുടെ മക്കളുടെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)

at Baithul Futuh,London – on 28.08.15

Malayalam Translation : Mau.Mohamad Ismaeel, For Malayalam Desk,Qadian.

Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To

Ahmadiyya Muslim Jama'at

Baithul Quddoos, G.H.Road

Calicut - 673001,Kerala